**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2195** **03-03-2025 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യവിഷ ബാധ തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഭക്ഷ്യവിഷ ബാധ തടയുന്നതിനും ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും വകുപ്പ് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (എ) | സംസ്ഥാനത്ത് ഭക്ഷ്യ വിഷബാധ തടയുന്നതിനും ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തിവരുന്ന Routine പരിശോധനകൾക്കു പുറമെ സ്പെഷ്യൽ ഡ്രൈവുകൾ, ലഭ്യമാകുന്ന പരാതിയിന്മേലുള്ള പരിശോധന, ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം പരിശോധിയ്ക്കുന്നതിനായുള്ള സാമ്പിൾ ശേഖരണം, പരിശോധനയിൽ ന്യൂനതകൾ കണ്ടെത്തുന്ന സ്ഥാപനങ്ങൾക്ക് എതിരെ നിയമം അനുശാസിയ്ക്കുന്ന Compounding, Prosecution, Adjudication നടപടികൾ എന്നിവ സ്വീകരിച്ച് വരുന്നു. വിവിധ മേഖലകളിലുള്ള ഭക്ഷ്യ സംരംഭകർക്ക് FSSAI (Food Safety and Standards Authority of India) നിർദ്ദേശിച്ചിരിയ്ക്കുന്നത് അനുസരിച്ച് FoSTaC പരിശീലനം നൽകി വരുന്നു. കുടുംബശ്രീ പ്രവർത്തകർ, സ്കൂൾ ഉച്ചഭക്ഷണ പാചകത്തിലേർപ്പെട്ടിരിയ്ക്കുന്നവർ, ICDC ജീവനക്കാർ, വീട്ടമ്മമാർ, കുട്ടികൾ, ഭക്ഷ്യ വ്യാപാരികൾ എന്നീ വ്യത്യസ്ത മേഖലകളിൽ ഉള്ള ജനങ്ങൾക്ക് safe food practice, Good hygiene practice, Good manufacturing practice എന്നിവയെ സംബന്ധിച്ച ബോധവൽക്കരണം നടത്തി വരുന്നു.<br><br>ഭക്ഷ്യ സുരക്ഷയ്ക്ക് അപ്രതീക്ഷിത വെല്ലുവിളികളായ ഭക്ഷ്യ വിഷബാധ, ഭക്ഷ്യ ജന്യ രോഗങ്ങൾ തുടങ്ങിയവ പ്രതിരോധിയ്ക്കുവാൻ എൻഫോഴ്സ്മെന്റ് തലത്തിൽ സ്പെഷ്യൽ ഡ്രൈവുകൾ നടത്തുന്നതോടൊപ്പം തന്നെ പരിശോധനയിൽ വിഴ്ചകൾ കണ്ടെത്തിയ സ്ഥാപനങ്ങൾക്കെതിരെ കോമ്പൗണ്ടിംഗ് നടപടികളും, ഗുരുതര വീഴ്ചകൾ കണ്ടെത്തുന്ന സാഹചര്യത്തിൽ അടച്ചുപൂട്ടൽ ഉൾപ്പെടെയുള്ള നിയമനടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ